# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4660** **04.02.2014-ൽ മറുപടിക്ക്**

## റസ്റ്റ് ഹൗസുകളിലെ ദിവസവേതനക്കാർ

| ചോദ്യം<br>ശ്രീ. വി. പി. സജീന്ദ്രൻ | മറുപടി<br>ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
|---|---|
| (എ) പൊതുമരാമത്ത് റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം എങ്ങനെയാണ് നടത്തുന്നത് ; | (എ) തിരുവനന്തപുരം, എറണാകുളം, ആലപ്പുഴ, കോഴിക്കോട് റസ്റ്റ് ഹൗസുകളിൽ മാനേജർ ഗ്രേഡ് -1, ഇതര ജില്ലാ ആസ്ഥാനങ്ങളിൽ മാനേജർ ഗ്രേഡ്-2, മറ്റുള്ളിടങ്ങളിൽ കെയർടേക്കർ, കുക്ക്-കം-വാച്ചർ, വാച്ചർ തുടങ്ങിയവരുടെ ചുമതലയിലാണ് റസ്റ്റ് ഹൗസുകൾ പ്രവർത്തിക്കുന്നത്. ഓരോ ജില്ലയിലും കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് മുറികൾ അനുവദിക്കുന്നത്. മുറികളുടെ വാടക സർക്കാർ വിജ്ഞാപന പ്രകാരമാണ് ഈടാക്കുന്നത്. റസ്റ്റ് ഹൗസ് സ്ഥിതിചെയ്യുന്ന സ്ഥലത്തെ കെട്ടിട വിഭാഗം സെക്ഷന്റെ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയറാണ് റസ്റ്റ് ഹൗസുകളുടെ നിയന്ത്രണാധികാരി. റസ്റ്റ്ഹൗസിൽ നിന്നുള്ള വരുമാനം സ്വീകരിക്കുന്നതും അറ്റകുറ്റപ്പണികൾ നടത്തുന്നതും ബന്ധപ്പെട്ട ബിൽഡിംഗ്സ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറാണ്. |
| (ബി) ഇവിടെയുള്ള ജീവനക്കാർക്ക് ദിവസ വേതനാടിസ്ഥാനത്തിലാണോ ശമ്പളം നൽകുന്നത് ; | (ബി) അല്ല. റസ്റ്റ് ഹൗസുകളിൽ സർക്കാർ ജീവനക്കാർതന്നെയാണ് ജോലിചെയ്യുന്നത്. എന്നാൽ ഒഴിവുവരുന്ന തസ്തികകളിൽ സ്ഥിരനിയമനം നടക്കുന്നതുവരെ താത്ക്കാലികമായി ദിവസ വേതനാടിസ്ഥാനത്തിലും ജീവനക്കാരെ നിയമിക്കാറുണ്ട്. |
| (സി) മുഴുവൻ ദിവസവും ജോലി നോക്കുന്ന ഇവർക്ക് ശമ്പളയിനത്തിൽ എത്ര രൂപയാണ് നൽകുന്നത്; ഇത് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (സി) സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ ശമ്പളവും, ദിവസവേതനക്കാർക്ക് 377/- രൂപ നിരക്കിലും വേതനം നൽകിവരുന്നു. ശമ്പളം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല. |
| (ഡി) ഇവരെ സി.എൽ.ആർ. ആയി പരിഗണിക്കുമോ ? | (ഡി) സി.എൽ.ആർ ആയി പരിഗണിക്കുന്നതിന് വ്യവസ്ഥകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ